**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *9** **07.08.2017-ൽ മറുപടിയ്ക്ക്**

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള ഫീസ് ഘടന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അനിൽ അക്കര :**<br>**ശ്രീ. ഹൈബി ഈഡൻ:**<br>**ശ്രീ. വി.ഡി. സതീശൻ :**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിന് ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി താൽക്കാലികമായി നിശ്ചയിച്ച ഫീസ് ചുവടെ ചേർക്കുന്നു.<br>എം.ബി.ബി.എസ് (85% സീറ്റുകൾ) - ₹ 5 ലക്ഷം<br>എം.ബി.ബി.എസ് (15% NRI സീറ്റുകൾ) - ₹ 20 ലക്ഷം<br>സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കാണ് ഈ വർഷവും ബാധകം. |
| (ബി) കഴിഞ്ഞ വർഷം പ്രവേശനത്തിന് അനുവർത്തിച്ച മാനദണ്ഡങ്ങളിൽ, നീറ്റ് മെരിറ്റ് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്; | (ബി) നീറ്റ് മെരിറ്റ് നിലവിൽ വന്നതിനാൽ എല്ലാ സീറ്റുകളിലേക്കും കോമൺ കൗൺസിലിംഗ് മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറാണ് അലോട്ട്മെന്റ് നടത്തുന്നത്. ഈ വർഷം മുതൽ മാനേജ്മെന്റ് സീറ്റുകളിൽ സ്വന്തം നിലയിൽ പ്രവേശനം നടത്താൻ മാനേജ്മെന്റുകൾക്ക് സാധിക്കില്ല. |

| | | | |
|---|---|---|---|
| (സി) | 2015-16 അദ്ധ്യയനവർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. സീറ്റുകളിൽ നിശ്ചയിച്ച ഫീസ് എത്ര വീതമായിരുന്നു; | (സി) | 2015-16 അദ്ധ്യയനവർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിശ്ചയിച്ച ഫീസ് താഴെ പറയും പ്രകാരമാണ്.<br>BPL Rs 25,000<br>SEBC Rs 25,000<br>സർക്കാർ മെറിറ്റ് Rs 1,85,000<br>മാനേജ്മെന്റ് Rs 8,50,000<br>NRI Rs 12,50,000 |
| (ഡി) | 2016-17 അദ്ധ്യയനവർഷം ഇതിലെന്തെങ്കിലും വർദ്ധനവ് നടപ്പിലാക്കിയിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു; വർദ്ധനവ് നടപ്പിലാക്കിയെങ്കിൽ ഇതുമൂലം സ്വകാര്യ മാനേജ്മെന്റുകൾക്ക് 2015-16 നെ അപേക്ഷിച്ച് എന്ത് തുക അധികമായി ലഭിച്ചിട്ടുണ്ട്; | (ഡി) | 2016-17 അദ്ധ്യയനവർഷത്തിലേയ്ക്ക് ഫീസ് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാലയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും നിഷ്ക്കർഷിക്കുന്ന രീതിയിൽ കോളേജും ആശുപത്രിയും നടത്തുന്നതിനുള്ള ചെലവ് വർദ്ധിച്ച് വരുന്ന സാഹചര്യത്തിലാണ് സർക്കാർ 2016-17 അദ്ധ്യയനവർഷത്തിൽ ഫീസ് വർദ്ധിപ്പിച്ചത്. ഫീസ് വർദ്ധനവിലൂടെ ഓരോ മെറിറ്റ് സീറ്റിനും 65,000 രൂപ വീതവും മാനേജ്മെന്റ് സീറ്റിന് 2,50,000 രൂപ വീതവും NRI സീറ്റിന് 2,50,000 രൂപ വീതവും 2015-16 നെ അപേക്ഷിച്ച് സ്വകാര്യ മാനേജ്മെന്റുകൾക്ക് അധികമായി ലഭിച്ചിട്ടുള്ളതായി കാണുന്നു. |
| (ഇ) | സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പഠനം വരേണ്യവർഗ്ഗത്തിന് മാത്രമായി മാറ്റുന്നതിനുള്ള ഭാഗമായിട്ടാണ് 2017-18 ൽ കഴിഞ്ഞ വർഷത്തേതിനേക്കാൾ ഇരട്ടി ഫീസ് അനുവദിച്ചിട്ടുള്ളത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | 2017-18 വർഷത്തിൽ ഫീ റഗുലേറ്ററി കമ്മിറ്റി അംഗീകരിച്ചത് 85% സീറ്റുകളിൽ 5 ലക്ഷം രൂപ നിരക്കിലും 15% NRI സീറ്റുകളിൽ 20 ലക്ഷം രൂപ വീതവുമാണ്. എന്നാൽ ഈ 15% NRI സീറ്റുകളിൽ നിന്നും ലഭിക്കുന്ന ഫീസിനത്തിൽ സീറ്റൊന്നിന് 5 ലക്ഷം രൂപ വീതം സ്കോളർശിപ്പ് ഇനത്തിൽ വകകൊള്ളിച്ച് പ്രസ്തുത തുക ഉയർന്ന റാങ്കുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. |

(എഫ്) സാമൂഹ്യനീതി നടപ്പിലാക്കുക എന്ന സർക്കാർ ലക്ഷ്യം ഇത്തരത്തിലുള്ള ഫീസ് വർദ്ധനവിലൂടെ എപ്രകാരമാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ